"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിത ശിശു വികസന വകുപ്പ് - കേരള വനിതാ വികസന കോർപ്പറേഷനിൽ നിന്നും കേരള അങ്കണവാടി ക്ഷേമനിധി ബോർഡിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി അന്യത്ര സേവന വ്യവസ്ഥയിൽ നിയമിതനായ ശ്രീ.പി.ടി മുഹമ്മദ് സുനീഷിന്റെ അന്യത്രസേവന കാലാവധി പുതുക്കി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

**വനിത ശിശു വികസന വകുപ്പ്**

സ.ഉ.(സാധാ) നം.487/2025/WCDD തീയതി,തിരുവനന്തപുരം, 16-12-2025

---

പരാമർശം:-

1. സ.ഉ(എം.എസ്) നം.69/2012/സാനീവ തീയതി 22/11/2012
2. സ.ഉ(സാധാ) നം.465/2021/ സാനീവ തീയതി 09/07/2021
3. സ.ഉ(സാധാ) നം.06/2021 വശിവിവ തീയതി 24/08/2021
4. സ.ഉ(സാധാ) നം. 484/2023 വശിവിവ തീയതി 26/08/2023
5. കേരള അങ്കണവാടി വർക്കേഴ്സ് & ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡിന്റെ 13/09/2022 തീയതിയിലെ AWWF-D2-537/2021 നമ്പർ കത്ത്, 08/10/2024, 31/07/2025 തീയതികളിലെ AWWF1-1899/2024 നമ്പർ കത്ത്.

**ഉത്തരവ്**

കേരള സംസ്ഥാന വനിത വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ തസ്തികയിൽ സേവനം അനുഷ്ഠിച്ച് വരവെ ജെൻഡർ പാർക്കിന്റെ സ്പെഷ്യൽ ഓഫീസർ/ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ ഡോ.പി.ടി.മുഹമ്മദ് സുനീഷിനെ പരാമർശം (1) പ്രകാരം നിയമിച്ചിരുന്നു. തുടർന്ന് ജെൻഡർ പാർക്ക് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി അന്യത്ര സേവന വ്യവസ്ഥയിൽ സേവനം അനുഷ്ഠിച്ച് വരവെ ശ്രീ. പി. ടി. മുഹമ്മദ് സുനീഷിനെ ഭരണപരമായ സൗകര്യാർത്ഥം അങ്കണവാടി വർക്കേഴ്സ് & ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി നിയമിച്ചു കൊണ്ട് പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. കേരള അങ്കണവാടി വർക്കേഴ്സ് & ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ 12/07/2021ൽ ജോലിയിൽ പ്രവേശിച്ച ശ്രീ.പി.ടി.മുഹമ്മദ് സുനീഷിന്റെ അന്യത്രസേവന കാലയളവ് 11/07/2025 ൽ 4 വർഷം പൂർത്തികരിച്ചിട്ടുണ്ടെന്നും, അന്യത്ര സേവന കാലാവധി 12/07/2025 മുതൽ പുതുക്കി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും പരാമർശം (5) പ്രകാരം കേരള അങ്കണവാടി വർക്കേഴ്സ് & ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അഭ്യർത്ഥിച്ചിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കെ.എസ്.ആർ ഭാഗം I ചട്ടങ്ങൾ 140 (ബി), (സി) എന്നിവയിൽ ഇളവ് ചെയ്ത് ശ്രീ.പി.ടി. മുഹമ്മദ് സുനീഷ് കേരള അങ്കണവാടി വർക്കേഴ്സ് & ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയിൽ ഉത്തരവില്ലാതെ തുടർന്ന 12/07/2022 മുതൽ 11/07/2025 വരെയുള്ള കാലയളവ് ഡെപ്യൂട്ടേഷനായി ക്രമീകരിച്ചും, 12/07/2025 മുതൽ 11/07/2026 വരെയുള്ള ഒരു വർഷത്തേയ്ക്കുകൂടി ഡെപ്യൂട്ടേഷൻ ദീർഘിപ്പിച്ചും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള അങ്കണവാടി വർക്കേഴ്സ് & ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sithara Vijayan
സെക്ഷൻ ഓഫീസർ
Date: 16-12-2025 13:17:17